# തൗഹീദിൽ
# മരിച്ചാൽ സ്വർഗ്ഗം സുനിശ്ചിതം

**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

عن عبادةَ ﷺ عن النبي ﷺ قَالَ: من شهد أنْ لَا إِلَه إِلَا الله وحده لَا شرِيك لَه ، وأن محمـدا عبـده ورسولُه ، وأن عيسى عبد الله ورسولُه وكَلمته أَلْقَاها إِلَى مريم وروح منه ، والْجنةُ حق، والنار حـق، أَدخلَه الله الْجنةَ علَى ما كَانَ من الْعمل

ഉബാദത്ത് ഇബ്നു സ്വാമിത് ﷺ വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: «യഥാർത്ഥ ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റൊരുമില്ലെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും, തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും, ഈസാ അല്ലാഹുവിന്റെ ദാസനും ദൂതനും മർയമിലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വചനവും, അവനിൽനിന്നുള്ള ആത്മാവുമാണെന്നും, സ്വർഗ്ഗം സത്യമാണെന്നും, നരകം സത്യമാണെന്നും, ആര് സാക്ഷ്യംവഹിച്ചുവോ അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്ക് അനുസരിച്ചുള്ള (സ്വർഗ്ഗീയ പദവികളിലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും.» (ബുഖാരി, മുസ്‌ലിം)

عن جابِرِ بنِ عبد الله ﷺ قَالَ سمعت رسولَ الله ﷺ يقُولُ من لَقي الله لَا يشرِك بِه شيئًا دخلَ الْجنـةَ ومن لَقيه يشرِك بِه دخلَ النار

ജാബിർﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: «ആരെങ്കിലും അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാത്തവനായി അവനെ കണ്ടു മുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും, ആരെങ്കിലും അവനിൽ ശിർക്ക് ചെയ്തുകൊണ്ടാണ് അവനെ കണ്ടുമുട്ടുന്നത് എങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും» (മുസ്‌ലിം)

عن عقْبةَ بنِ عامرٍ الْجهنِي ﷺ قَالَ: قَالَ رسولُ الله ﷺ : من لَقي الله لَا يشرِك بِه شيئًا لَم يتنـد بِـدمٍ حرامٍ دخلَ الْجنةَ.

ഉക്ബത്ത് ഇബ്നു ആമിർ ﷺ വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: «അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ ആര് അല്ലാഹുവി

നെ കണ്ടുമുട്ടുന്നുവോ, അവൻ ഹറാമായ രക്തം ചിന്തിയിട്ടില്ലെങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിച്ചു.» (ഇബ്നുമാജ: 2617)

عن أبي هريرة ﷺ قال: قال رسول الله ﷺ: «لقنوا موتاكم لا إله إلا الله، فإنه من كان آخر كلمته لا إله إلا الله عند الموت، دخل الجنة يوما من الدهر، وإن أصابه قبل ذلك ما أصابه »

അബൂ ഹുറെയ്റ ﷺ വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: «നിങ്ങളിൽ മരണം ആസന്നമായവർക്ക് നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ് ' ചൊല്ലിക്കൊടുക്കുക. കാരണം ഒരാളുടെ മരണാവസ്ഥയിലെ വാക്കുകളിൽ അവസാനത്തേത് 'ലാ ഇലാഹ ഇല്ലല്ലാഹ് ' ആയാൽ അയാൾ ഒരു ദിനം സ്വർഗ്ഗത്തിൽ പ്രവേശിക്കും, അതിന് മുമ്പ് അയാൾക്ക് എന്തുതന്നെ ബാധിച്ചാലും.» (ഇബ്നുഹിബ്ബാൻ)

عن أَبِي ذَر ﷺ قَالَ: قال رسول الله ﷺ: « ما من عبد قَالَ لَا إِلَه إِلَا الله ثُم مات علَى ذَلك إِلَا دخل الْجنةَ قُلْت وإِنْ زنى وإِنْ سرق قَالَ وإِنْ زنى وإِنْ سرق قُلْت وإِنْ زنى وإِنْ سرق قَالَ وإِنْ زنى وإِنْ سرق قُلْت وإِنْ زنى وإِنْ سرق قَالَ وإِنْ زنى وإِنْ سرق علَى رغْمِ أَنف أَبِي ذَر»

അബൂദർറ് അൽഗിഫാരി ﷺ വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു: ''ഏതൊരു ദാസനാണോ 'ലാ ഇലാഹ ഇല്ലല്ലാഹു' പറയുകയും പിന്നീട് അതിൽ മരിക്കുകയും ചെയ്യുന്നത് അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകതന്നെ ചെയ്യും. ഞാൻ ചോദിച്ചു: അവൻ മോഷണം നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും (സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ)? നബി ﷺ പറഞ്ഞു: അവൻ മോഷ്ടിക്കുകയും വ്യഭിചരിക്കുകയും ചെയ്താലും! ഞാൻ (വീണ്ടും) ചോദിച്ചു: അവൻ മോഷണം നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും (സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ)? നബി ﷺ പറഞ്ഞു: അവൻ മോഷ്ടിക്കുകയും വ്യഭിചരിക്കുകയും ചെയ്താലും! ഞാൻ (വീണ്ടും) ചോദിച്ചു: അവൻ മോഷണം നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും (സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ)? നബി ﷺ പറഞ്ഞു: അവൻ മോഷ്ടിക്കുകയും വ്യഭിചരിക്കുകയും ചെയ്താലും! അബൂദർറിന് എത്ര നീരസമാണെങ്കിലും ശരി'' (ബുഖാരി: 5827, മുസ്‌ലിം: 94, 154)

عن أَبِي ذَر ﷺ قَالَ رسولُ الله ﷺ: أَتانِي جِبرِيلُ عليه السلام قَالَ من مات من أُمتك لَا يشرِك بِالله شيئًا دخلَ الْجنةَ قُلْت: وإِنْ فَعلَ كَذَا وكَذَا قَالَ نعم.

അബൂദർറ് അൽഗിഫാരി ﷺ വിൽനിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: «ജിബ്‌രീൽ عليه السلام എന്റെ അടുക്കൽ വന്ന് പറഞ്ഞു: 'നിന്റെ ഉമ്മത്തിൽ നിന്ന് ആരെങ്കിലും അല്ലാഹുവിൽ യാതൊന്നിനേയും പങ്ക് ചേർക്കാതെ മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും!' «അപ്പോൾ ഞാൻ ചോദിച്ചു: (കുറ്റങ്ങൾ) ചെയ്താലും? » അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ.' » (ബുഖാരി)